# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 20** 28.06.2016 ൽ മറുപടിക്ക്

### കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തത് ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് 1998 – ലെ ഭരണാനുമതിക്കും ഒന്നും രണ്ടും ഘട്ട ഭൂമി ഏറ്റെടുക്കലിനും തുടർച്ചയായി മുൻ സർക്കാർ ആസൂത്രണം ചെയ്തത്. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തു.<br>റൺവെ 3400 മീറ്ററായി നീട്ടാനുള്ള 75.5 ഏക്കർ ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകി. പുറത്തുള്ള ഓവുചാൽ നിർമ്മിക്കുന്നതിനുള്ള 18 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതി നൽകി. ഇവ രണ്ടിനുമുള്ള ഫണ്ട് അനുവദിച്ചു. 131 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 140 കോടി രൂപ അനുവദിച്ചു.<br>റൺവെ നിർമ്മാണത്തിന് വേണ്ടി 10.52 ഏക്കർ ഭൂമി ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു.<br>മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രമോഷൻ സൊസൈറ്റി (കിയാപ്സ്) രൂപീകരിച്ചു.<br>എയ് കോം ഏഷ്യാകമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസിലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രൊജക്ട് കൺസൾട്ടന്റായി നിയമിച്ചു. |

| | | | |
|---|---|---|---|
| | | | എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവെ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപക്കുള്ള കരാറും, ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള 498.70 കോടി രൂപക്കുള്ള കരാറും ലാർസൺ & ടൂബ്രോ കമ്പനിക്ക് നൽകുകയും പ്രവർത്തികൾ നടന്നുവരികയുമാണ്. ആദ്യ ഘട്ടത്തിൽ 3400 മീറ്റർ റൺവേ നീളം വേണ്ടിയിരിക്കെ, 3050 മീറ്റർ നീളത്തിന്റെ പണികളേ കഴിഞ്ഞിട്ടുള്ളൂ.<br>വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം ഒപ്പു വച്ചു. (കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം) ലോൺ ലഭ്യമാവുകയും ചെയ്തു.<br>എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപക്കുള്ള ധാരണാ പത്രം ഒപ്പുവെച്ചു. മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റിരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവെച്ചു.<br>എ.ടി.എഫ് എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ - കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ് തുടങ്ങിയവക്കുള്ള പണികൾ പുരോഗമിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സിവിൽ ഏവിയേഷൻ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ എന്നിവരുമായിട്ടുള്ള പ്രാരംഭ ചർച്ചയും സ്ഥല സന്ദർശനങ്ങളും നടന്നു. |
| (ബി) | ഈ വിമാനത്താവളത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടന്നിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനുണ്ട്; | (സി) | പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് റൺവെ സേഫ്റ്റി ഏരിയ (ആർ.ഇ.എസ്.എ) - 07, നാവിഗേഷൻ ബിൽഡിംഗ്, ഇന്റേണൽ അപ്രോച്ച് റോഡ്, ഓപ്പറേഷണൽ പെരിമീറ്റർ റോഡ് & മതിൽ, റൺവെ ബേസിക് സ്ട്രിപ്പ് ഇൻക്ലൂഡിംഗ് ടേർഫിംഗ്, എയർപോർട്ട് ഗ്രൗണ്ട് ലൈറ്റിംഗ് (സെന്റർ ലൈൻ ലൈറ്റ്, എഡ്ജ് ലൈറ്റ് മുതലായവ), പി.ടി.ബി & എ.ടി.സി - ഇന്റീരിയർ ഫിനിഷിംഗ് വർക്ക് (എ.സി ഉൾപ്പെടെ), സെക്യൂരിറ്റി ഗേറ്റ് & വാച്ച് ടവർ, സ്റ്റോം വാട്ടർ ഡ്രെയിനേജ് വർക്ക്, പ്ലംബിംഗ് & വാട്ടർ സപ്ലൈ , ലിഫ്റ്റ്, എസ്കലേറ്റർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ്, സെക്യൂരിറ്റി എക്യൂപ്‌മെന്റ്, ഫർണിച്ചർ മുതലായവയുടെ പർച്ചേസ്സിംഗ് & ഇന്റീരീയർ ഡിസൈൻ, കൗണ്ടേഴ്സ് തുടങ്ങിയ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുണ്ട്. |
| (ഡി) | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത് ? | (ഡി) | ഭൂമി ഏറ്റെടുക്കൽ നടപടികളോടൊപ്പം ബാക്കി പണികളായ ഫർണിച്ചർ, ഇന്റീരിയർ ഡിസൈൻ, സെക്യൂരിറ്റി എക്യൂപ്‌മെന്റ് മുതലായവയുടെ ടെണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ ടെണ്ടറുകളും ക്ഷണിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. അവാർഡ് ചെയ്യപ്പെട്ട പണികൾ പൂർത്തീകരിക്കുന്നതിനായി ഏജൻസികളുമായി എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി പുരോഗതി വിലയിരുത്തുന്നു. അടുത്ത മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സിവിൽ ഏവിയേഷന്റെ ലൈസൻസിനു മുന്നോടിയായിട്ടുള്ള ഡോക്യുമെന്റ് പ്രിപ്പറേഷൻ നടന്നുവരുന്നു.<br>സ്റ്റാറ്റ്യൂട്ടറി ഏജൻസികളായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ, കസ്റ്റംസ്, ഇമിഗ്രേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവരുമായി മീറ്റിംഗ് നടത്തി അവക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. അവരുടെ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾക്കായുള്ള ക്രമീകരണം 2017 ജനുവരിയിൽ പൂർത്തിയാക്കാൻ നടപടി എടുത്തിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കിൻഫ്ര, മൈനർ ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി എന്നിവയുമായി ചേർന്ന് എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംയുക്തമായി ചെയ്തുവരുന്നു. എയർപോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി പ്രവർത്തന സജ്ജമാകാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ റിക്രൂട്ട്മെന്റ് നടത്താൻ പോകുന്നു. എയർലൈൻ കമ്പനികളായ എയർ ഇന്ത്യ, ജറ്റ് എയർവേയ്സ്, ഇൻഡിഗോ മുതലായ സ്ഥാപനങ്ങളുമായി എയർക്രാഫ്റ്റ് ഓപ്പറേഷനു വേണ്ടിയുള്ള ചർച്ച നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | |
|---|---|---|
| 1 | 3050 മീറ്റർ റൺവെ | റൺവേ നീളം 3400 മീറ്റർ ആക്കുവാനുള്ള പണി ആരംഭിച്ചിട്ടില്ല. |
| 2 | 20 എയർക്രാഫ്റ്റ് പാർക്കിംഗിനായുള്ള ഏപ്രൺ | |
| 3 | പാരലൽ ടാക്സി | 889 മീറ്റർ |
| 4 | റൺവെ ലിങ്ക് ടാക്സി | 2 |
| 5 | ഏപ്രൺ ലിങ്ക് ടാക്സി | 4 |
| 6 | ചുറ്റുമതിൽ | 18 കി. മീറ്റർ |
| 7 | ഓപ്പറേഷണൽ വാൾ | 3 കി. മീറ്റർ |
| 8 | എ.ടി.സി ബിൽഡിംഗ് | 85% |
| 9 | എ.ജി.എൽ സബ്സ്റ്റേഷൻ (2) | 80% |
| 10 | ഫയർ സ്റ്റേഷൻ (2) | 75% |
| 11 | സ്റ്റോം വാട്ടർ ഡ്രൈൻ | 35% |
| 12 | ഐസൊലേഷൻ ബേ | 75% |
| 13 | ടെർമിനൽ ബിൽഡിംഗ് | 75% (റൂഫിംഗ് പ്രവൃത്തി പുരോഗമിക്കുന്നു) |
| 14 | ഫ്ളൈ ഓവർ (150 മീറ്റർ) | 90% |
| 15 | അപ്രോച്ച് റോഡ് (ഇന്റേണൽ) | 30% |
| 16 | കാർപാർക്കിംഗ് | 50% |
| 17 | ബാഗേജ് ഹാന്റ് ലിംഗ് സിസ്റ്റം | 60% |
| 18 | ലിഫ്റ്റ് | 40% |
| 19 | എസ്കലേറ്റർ | 50% |
| 20 | കെ.എസ്.ഇ.ബി സപ്ലൈ | 85% |
| 21 | വാട്ടർ സപ്ലൈ കെ.ഡബ്ല്യൂ.എ | 100% |

സെക്ഷൻ ഓഫീസർ